മിസ്ബാഹ് **21ാമത് ദേശീയ ഖുർആൻ വിജ്ഞാന പരീക്ഷ**

**2017 ജൂൺ 11 ഞായർ**

വിഭാഗം: ജനറൽ | ആകെ മാർക്ക്: 100

## ഉത്തര സൂചികയും വിശദീകരണവും

മുതൽ 33 വരെയുള്ള ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള നാല് ഉത്തരങ്ങളിൽ നിന്ന് ഏറ്റവും ശരിയായ **ഒന്ന് മാത്രം** തെരഞ്ഞെടുക്കുക. (ശരിയുത്തരത്തിന് 1 മാർക്ക്; നെഗറ്റീവ് മാർക്ക് ഇല്ല)

---

1. മൂസ(അ)ക്ക് സംസാരത്തിൽ സ്ഫുടതയില്ല എന്ന് സൂചിപ്പിക്കുന്ന شُعَرَاء ലെ വചനം

[A] ولا يَنْطَلِقُ لِسَانِي [B] لِسَانَ صِدْقٍ [C] نَسْتَمِعُونَ [D] ഇവയൊന്നുമല്ല

2. وَمَا رَبُّ الْعَالَمِينَ എന്ന ചോദ്യത്തിന് മൂസാ(അ) നൽകിയ ഉത്തരം

[A] قَرَبُّكُمْ وَرَبُّ آبَائِكُمُ الْأَوَّلِينَ

[B] رَبُّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا ۖ (ശുഅറാഅ് 24)

[C] فَاتَّقُوا اللَّهَ وَأَطِيعُونِ

[D] رَبُّ الْمَشْرِقِ وَالْمَغْرِبِ وَمَا بَيْنَهُمَا ۖ

3. شُعَرَاء ൽ എത്ര ആയത്തുകളാണ് ഒന്നിലധികം തവണ ആവർത്തിച്ചിരിക്കുന്നത്?

[A] 8 [B] 12 [C] 5 [D]

6 ആയത്തുകൾ ആവർത്തിച്ചു വന്നിട്ടുണ്ട്. അച്ചടിപ്പിശകു മൂലം അവസാനത്തെ ഓപ്ഷൻ പ്രിന്റ് ചെയ്യാത്തതിനാൽ ഈ ചോദ്യം ഒഴിവാക്കിയിട്ടുണ്ട്.

4. فَعَلَ എന്നത് രൂപഭേദങ്ങളായി മൂന്ന് തവണ വന്ന ആയത്ത് നമ്പർ

[A] 19 [B] 18 [C] 21 [D] ഇവയൊന്നുമല്ല

5. أَنتُمْ وَآبَاؤُكُمُ الْأَقْدَمُونَ എന്ന് ഏത് പ്രവാചകനാണ് പറഞ്ഞത്

[A] നൂഹ് അ [B] **ഇബ്രാഹിം(അ)** [C] ശുഅയ്ബ്(അ) [D] ഇവരാരുമല്ല

(ശുഅറാഅ് 76)

6. അസ്ഹാബുൽ അയ്കത്ത് ഏത് പ്രവാചകന്റെ സമൂഹമാണ്

[A] **ശുഅയ്ബ്(അ)** [B] ഇബ്രാഹിം(അ) [C] സ്വാലിഹ്(അ) [D] ഇവരാരുമല്ല

7. ഈ ആയത്തിൽ പരാമർശിക്കുന്നത് ആരെയാണ്?

وَمَا يَأْتِيهِم مِّن ذِكْرٍ مِّنَ الرَّحْمَٰنِ مُحْدَثٍ إِلَّا كَانُوا عَنْهُ مُعْرِضِينَ

*(പരമകാരുണികന്റെ പക്കൽ നിന്നുള്ള ഏതൊരു പുതിയ ഉദ്ബോധനം വന്നെത്തു മ്പോഴും അവർ അതിൽ നിന്ന് തിരിഞ്ഞു കളയുന്നവർ ആകാതിരുന്നിട്ടില്ല)*

[A]ഥമൂദ് ഗോത്രം [B] **മക്കാ മുശരിക്കുകൾ** [C]ആദ് സമുദായം [D] മദ്‌യൻ നിവാസികൾ

(ശുഅറാഅ് 5 വിശദീകരണം നോക്കുക)

8. താഴെ പറയുന്ന ആയത്തിൽ അടിവരയിട്ട വാക്കുകളിൽ പിരടി എന്ന് അർഥം വരുന്ന വാക്ക് ഏതാണ് ?

إِن نَّشَأْ نُنَزِّلْ عَلَيْهِم مِّنَ السَّمَاءِ آيَةً فَظَلَّتْ أَعْنَاقُهُمْ لَهَا خَاضِعِينَ

[A] خَاضِعِينَ [B] **أَعْنَاقُهُمْ** [C] فَظَلَّتْ [D] نَّشَأْ

9. وَلَهُمْ عَلَيَّ ذَنبٌ (എന്റെ മേൽ അവർക്ക് ഒരു കുറ്റം ആരോപിക്കാനുണ്ട്)ഇതാരുടെ വാക്കാണ് ?

[A] ഹാറൂൻ(അ) [B] മക്ക മുശ്‌രിക്കുകൾ [C] ഫിർഔൻ [D] **ഇവരാരുമല്ല**

മൂസാ(അ) തന്റെ കയ്യാൽ അബദ്ധത്തിൽ ഒരു ഖിബ്ത്വി വംശജൻ കൊല്ലപ്പെട്ട കാര്യത്തെ കുറിച്ച് പറയുന്ന കാര്യമാണ് ഇത്. (ശുഅറാഅ് 14)

10. مَدائِنُ صَّالِح എന്ന് അറിയപ്പെടുന്ന സ്ഥലം?

[A] **الحِجْرْ** [B] تَبُوق [C] حِجَاز [D] ഇവയൊന്നുമല്ല

11. നൂഹ് (അ)യുടെ ചരിത്രം പറയുന്ന ഭാഗത്ത് ആവർത്തിച്ചു വന്ന ആയത്ത് ഏത് ?

[A] إِنِّي لَكُمْ رَسُولٌ أَمِينٌ [B] وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ

[C] **فَاتَّقُوا اللَّهَ وَأَطِيعُونِ** [D] قَالَ رَبِّ إِنَّ قَوْمِي كَذَّبُونِ

എല്ലാ ആയത്തുകളും വിവിധ ഭാഗങ്ങളിലായി ആവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഈ ആയത്ത് മാത്രമാണ് നൂഹ് നബി(അ)യുടെ ചരിത്രം വിശദീകരിക്കുന്ന ഭാഗത്ത് തൊട്ടടുത്തായി ആവർത്തിക്കുന്നത്

12. وَاجْعَل لِّي لِسَانَ صِدْقٍ فِي الْآخِرِينَ ഈ ആയത്തിന്റെ അർഥം എന്താണ് ?

[A] സത്യം പറയുന്ന നാവിനെ എനിക്ക് നീ പ്രദാനം ചെയ്യണമേ

[B] **പിൽക്കാലക്കാരിൽ എനിക്ക് സൽകീർത്തി ഉണ്ടാക്കി തരേണമേ**

[C] മുകളിൽ നല്കിയ രണ്ടും ശരിയാണ് [D] ഇവയൊന്നുമല്ല

ഇബ്റാഹീം(അ)യുടെ പ്രാർഥനയാണ് ഇത്

13. ലോക രക്ഷിതാവിനെ ആരാധ്യനായി സ്വീകരിക്കുവാൻ ഇബ്രാഹിം(അ) പറഞ്ഞ കാരണങ്ങളിൽ പെടാത്തത്

[A] രോഗം സുഖപ്പെടുത്തുന്നത് (ശുഅറാഅ് 80) [B] **എനിക്ക് ദിവ്യബോധനം നല്കി**

[C] മരണപ്പെടുത്തുന്നവൻ (ശുഅറാഅ് 81) [D] ഇവയൊന്നുമല്ല

ദിവ്യബോധനം അഥവാ വഹ്‌യിനെ കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല, മറിച്ച് മാർഗദർശനം നൽകി എന്നത് പറയുന്നുണ്ട് ശുഅറാഅ് 79 മുതൽ 83 വരെയുള്ള ആയത്തുകൾ നോക്കുക

14. സന്ദർഭം വിവരിക്കുക. أَيْنَ مَا كُنتُمْ تَعْبُدُونَ ....... (......നിങ്ങൾ ആരാധിച്ചിരുന്നവയെല്ലാം എവിടെപ്പോയി?)

[A] **അല്ലാഹു അവിശ്വാസികളോട് പരലോകത്ത് വെച്ച് പറയുന്നത്**

[B] ഇബ്രാഹിം (അ) തന്റെ ജനതയോടു പറയുന്നത്

[C] ഫിർഔൻ മുങ്ങി മരിക്കുമ്പോൾ അല്ലാഹു പറയുന്നത് [D] ഇവയൊന്നുമല്ല

(ശുഅറാഅ് 92)

15. فَيَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ (*അവർ ഓർക്കാത്ത നിലയിൽ അതവർക്ക് വന്നെത്തുന്നതായിരിക്കും*) എന്ത് വന്നെത്തുമെന്നാണ് ഉദ്ദേശിക്കുന്നത് ?

[A] ഖിയാമത്ത് നാൾ [B] മരണം [C] അനുഗ്രഹം [D] **ശിക്ഷ**

(ശുഅറാഅ് 202, 201 ആയത്തുകൾ നോക്കുക)

16. ബൈബിളിലെ അടയാളങ്ങൾ വഴി ഇസ്ലാം സ്വീകരിച്ച വ്യക്തി

[A] അബ്ദുല്ലാഹിബ്നു സുബൈർ

[B] **അബ്ദുല്ലാഹിബ്നു സലാം**

[C] അബ്ദുല്ലാഹിബ്നു വഹബ്

[D] ഇവരാരുമല്ല

17. മേഘത്തണലിന്റെ ദിവസത്തെ ശിക്ഷ പിടികൂടിയത് ഏത് സംഘത്തെയാണ്

[A] **മദ്‌യൻ നിവാസികളെ**

[B] ആദ് സമുദായത്തെ

[C] ഹിജാസ് നിവാസികളെ

[D] ഇവയൊന്നുമല്ല

ശുഐബ് നബി(അ)യുടെ സമുദായം താമസിച്ചിരുന്നത് മദ്‌യനിൽ ആണ്. അവർക്കാണ് ഈ ശിക്ഷ

18. عَسْعَسَ എന്ന വാക്കിന് വരാവുന്ന അർഥം

[A] ആശ്വസിച്ചു [B] വെളിപ്പെട്ടു [C] **പിന്നോട്ടു വെച്ചു** [D]**മുന്നോട്ടു വെച്ചു**

ഇവയിൽ ഏതെങ്കിലും ഒന്ന് ശരിയാക്കിയാൽ മാർക്ക് ലഭിക്കുന്നതാണ്. മറ്റു ഉത്തരങ്ങൾ എഴുതിയാൽ തെറ്റായി പരിഗണിക്കും.

19. وَمَا هُوَ عَلَى الْغَيْبِ بِضَنِينٍ (*അദ്ദേഹം അദൃശ്യ വാർത്തയുടെ കാര്യത്തിൽ പിശുക്ക് കാണിക്കുന്നവനുമല്ല*). ആര്?

[A] **മുഹമ്മദ് നബി(സ)** [B] ജിബ്‌രിൽ (അ)

[C] ഇവർ രണ്ട് പേരെ കുറിച്ചുമാവാം [D] ഇവർ രണ്ടു പേരുമല്ല

20. *“റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ദിവസം”* ഇവിടെ ഇമാം ഇബ്നുകസീറിന്റെ അഭിപ്രായത്തിൽ റൂഹ് എന്ന് പദം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

[A] മലക്ക് [B] ജിബ്‌രീൽ [C] പ്രവാചകൻമാർ **[D] മനുഷ്യാത്മാക്കൾ**

21. *“കെട്ടിയിട്ട മൃഗത്തെ കെട്ടഴിച്ചുകൊണ്ടുപോകുന്നത് പോലെ വളരെ വേഗത്തിലും സൗമ്യതയോടെയും ആയിരിക്കും”* എന്ത് ?

**[A] സജ്ജനങ്ങളുടെ ആത്മാവ് പിടിക്കുന്നത്**

[B] ദുർജ്ജനങ്ങളുടെ ആത്മാവ് പിടിക്കുന്നത്

[C] പരലോകത്തിലേക്ക് പ്രവേശിപ്പിക്കുന്നത്

[D] സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നത്

22. മൂസ നബി(അ)യെ അല്ലാഹു വിളിച്ച താഴ്‌വര ?

[A] സൗർ [B] ഹിറാ [C] സീന **[D] ത്വുവാ**

23. അറബി വ്യാകരണ നിയമപ്രകാരം ഒരു നിശ്ചിത വ്യക്തിയെക്കുറിച്ചുമാത്രം പറയപ്പെടാവുന്ന പ്രത്യേക നാമത്തിന് ....... എന്നു പറയുന്നു.

[A] مَفْعُول **[B] مَعْرِفَة** [C] مَنْصُوب [D] نَكِرَةٌ

24. الرَّاجِفَة.എന്ന പദത്തിന്റെ ഉദ്ദേശ്യം?

**[A] ആദ്യത്തെ കാഹളമൂത്ത്** [B] ഭൂകമ്പം [C] രണ്ടാം ഊത്ത് [D] പ്രളയം

25. حَافِرَة എന്ന വാക്കിന്റെ അർത്ഥം ?

[A] വഴി **[B] കുഴി** [C] കുളമ്പ് [D] മടക്കം

26. ത്വുവാ താഴ്‌വര ഏത് മലയിലാണ് ?

[A] നൂർ **[B] സീന** [C] റഫ [D] അബീ കുബൈസ്

27. تَزَكِّي എന്ന വാക്കിന്റെ അർത്ഥമെന്ത് ?

**[A] അഭിവൃദ്ധിപ്പെട്ടു** [B] ഉപദേശിച്ചു [C] സക്കാത്തുനൽകി [D] ഇവയൊന്നുമല്ല

28. സൂറത്തുന്നബഇൽ عَطَاءً حِسَابًا എന്ന് വിശേഷിപ്പിച്ചത് എന്തിനെക്കുറിച്ചാണ്

[A] നരക ശിക്ഷയെക്കുറിച്ച് **[B] ഭയഭക്തൻമാരുടെ പ്രതിഫലം**

[C] സ്വർഗ്ഗീയ ആരാമങ്ങളെക്കുറിച്ച് [D] അവിശ്വാസികളുടെ പ്രതിഫലം

29. ഹമീം, ഗസ്സാഖു ഇവയെക്കുറിച്ച് വിവരിക്കുന്ന സൂറത്തും ആയത്തും ഏത്

**[A] സൂറ. സ്വാദ് 57** [B] സൂറ.സ്വാദ് 25, [C] സൂറ ഖ്വാഫ് 57 [D] സൂറ ഖ്വാഫ 25

30. നരകക്കാരെ സംബന്ധിച്ചിടത്തോളം ഇതിലധികം ഗൗരവമേറിയ വാക്യം ഖുർആനിലില്ലെന്ന് പറയാം. ഏതാണീ വാക്യം

[A] സൂറ.നബഅ് 24 **[B]സൂറ. നബഅ് 30** [C] സൂറ അബസ 24 [D] സൂറ അബസ30

31. മൂസാ നബി(അ)യുടെ കയ്യാൽ അബദ്ധത്തിൽ കൊല്ലപ്പെട്ടത്

[A] ബനൂ ഇസ്റാഈൽ വംശക്കാരൻ **[B] ഖിബ്ത്തി വംശക്കാരൻ**

[C] ഫിർഔന്റെ ബന്ധു [D] യഹൂദി വർഗ്ഗക്കാരൻ

32. سُورَةُ الشُّعَرَاء ലൂടെ, ശിക്ഷക്ക് പാത്രീഭൂത യായ ഒരു വൃദ്ധ സ്ത്രീയെ(عَجُوز)ക്കുറിച്ച് പറയുന്നു. അത് ആരുടെ ഭാര്യയാണ്?

[A] നൂഹ് (അ) **[B] ലൂത് (അ)** [C] ശുഐബ് (അ) [D]സ്വാലിഹ് (അ)

**33.** الَّذِي يَرَاكَ حِينَ تَقُومُ എന്നതിൽ അടിവരയിട്ട ഭാഗത്തിന്റെ വാക്കർത്ഥം ?

[A] നീ നിന്ന് നമസ്ക്കരിക്കുന്ന സമയം

[B]നമസ്ക്കാരത്തിലേക്ക് പുറപ്പെടുന്ന സമയം

**[C] നീ നിൽക്കുന്ന സമയം** [D] ഇവയൊന്നുമല്ല

ഈ ആയത്ത് ഉദ്ദേശിക്കുന്നത് നമസ്കരിക്കുന്ന സമയമെന്നോ നമസ്കാരത്തിലേക്ക് പുറപ്പെടുന്ന സമയമെന്നോ ഒക്കെ ആണ്. എന്നാൽ വാക്കർഥം നീ നിൽക്കുന്ന സമയം എന്നാണ്

34 - 35 ചോദ്യങ്ങൾ إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ (*നിശ്ചയമായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കാകുന്നു*) എന്ന ആയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ്. 34ാമത്തെ ഉത്തരം ശരിയായാൽ മാത്രമേ 35 പരിഗണിക്കുകയുള്ളൂ. (ശരിയുത്തരത്തിന് 2 മാർക്കും തെറ്റിയാൽ നെഗറ്റീവ് 1 മാർക്കും ആയിരിക്കും)

34. അടിവരയിട്ട ഭാഗത്തെ കുറിച്ച പ്രബലമായ അഭിപ്രായമെന്താണ്?

[A] പ്രവാചകന്മാർ [B] മുഹമ്മദ് നബി(സ) **[C] ജിബ്‌രീൽ** [D] ഇവരാരുമല്ല

35. ഈ ഉത്തരത്തെ ബലപ്പെടുത്തുന്ന ആയത്ത്?

**[A] ذِي قُوَّةٍ عِندَ ذِي الْعَرْشِ مَكِينٍ** [B] وَمَا هُوَ عَلَى الْغَيْبِ بِضَنِينٍ

[C] إِنْ هُوَ إِلَّا ذِكْرٌ لِّلْعَالَمِينَ [D] وَمَا تَشَاءُونَ إِلَّا أَن يَشَاءَ اللَّهُ رَبُّ الْعَالَمِينَ

36-37 ചോദ്യങ്ങൾ വിട്ടഭാഗം പൂരിപ്പിക്കാനുള്ളതാണ്. നൽകിയിട്ടുള്ള നാല്ഓപ്ഷനുകളിൽ നിന്ന് ശരിയായത് തെരഞ്ഞെടുക്കുക. (ശരിയുത്തരത്തിന് 2 മാർക്ക് വീതം ലഭിക്കും നെഗറ്റീവ് ഇല്ല)

[A] يَعْمَلُونَ [B] تَعْلَمُونَ [C] تَعْمَلُونَ [D] يَعْمَلُونَ

36. قَالَ وَمَا عِلْمِي بِمَا كَانُوا **يَعْمَلُونَ** ... [A] [D]

ഒപ്ഷൻ തെറ്റായി പ്രിന്റ് ചെയ്തതിനാൽ [A] എന്നോ [D] എന്നോ രേഖപ്പെടുത്തിയാൽ മാർക്ക് ലഭിക്കും

37. وَاتَّقُوا الَّذِي أَمَدَّكُم بِمَا **تَعْلَمُونَ** [B]

38 മുതൽ 43 വരെയുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും ഒന്നോ അതിലധികമോ ശരിയുത്തരങ്ങൾ ഉണ്ടാവാം.ശരിയുത്തരത്തിന് ആകെ 2 മാർക്ക് ആണ്. തെറ്റായ ഉത്തരങ്ങളുടെ എണ്ണത്തിനനുസരിച്ച് 3 മാർക്ക് വരെ കുറയാം. നാല്ഉത്തരങ്ങളും ശരിയായി വരുന്ന ചോദ്യങ്ങൾക്ക് ഭാഗികമായി മാർക്ക് ലഭിക്കുന്നതല്ല

38. كَذَّبَتْ ............ الْمُرْسَلِينَ

**[A] ثَمُودُ** [B] قَومُ إِبْرَاهِيم [C] قَومُ هُود **[D] قَومُ لُوط**

39. قَالُوا لَئِن لَّمْ تَنتَهِ ............ لَتَكُونَنَّ مِنَ الْمَرْجُومِينَ

[A] يَا إِبْرَاهِيمُ **[B] يَا نُوحُ** [C] يَا لُوطُ [D] يَا صَالِحُ

38, 39 ചോദ്യങ്ങളിലെ ആയത്തുകൾ സമാനമായ രീതിയിൽ മിക്ക പ്രവാചകന്മാരുടെ കൂടെയും വന്നിട്ടുണ്ടെങ്കിലും അവയിലെ വ്യത്യാസങ്ങൾ ശ്രദ്ധിക്കുമല്ലോ

40. വെള്ളത്തിൽ മുക്കി നശിപ്പിക്കപ്പെട്ടത് ഏത് പ്രവാചകന്റെ സമുദായത്തെയാണ്?

[A] ഇബ്റാഹിം(അ) **[B] മൂസാ(അ)**

[C] ഇസ്ഹാഖ്(അ) **[D] നൂഹ്(അ)**

41. عَسْعَسَ എന്ന വാക്കിന് വരാവുന്ന അർഥം

[A] ആശ്വസിച്ചു [B] വെളിപ്പെട്ടു

**[C] പിന്നോട്ടു വെച്ചു** **[D]മുന്നോട്ടു വെച്ചു**

42. مُسَحَّرٌ (സിഹ്റ് ബാധിച്ചവൻ) എന്ന് ഏത് പ്രവാചകനെ കുറിച്ചാണ് ശത്രുക്കൾ ആരോപിച്ചത്?

[A] മൂസ (അ) [B] ഈസ (അ)

**[C] ശുഐബ് (അ)** **[D] സ്വാലിഹ് (അ)**

തെറ്റിദ്ധരിക്കാനിടയുള്ള ഉത്തരമാണ് ഇത്. മൂസ(അ) എന്ന് ഉത്തരം രേഖപ്പെടുത്താൻ സാധ്യതയുണ്ട്. മൂസ(അ)യുടെ കാര്യത്തിൽ സാഹിർ എന്നാണ് ശത്രുക്കൾ ആരോപിച്ചത്. അഥവാ ദൃഷ്ടാന്തങ്ങൾ കാണിച്ചപ്പോൾ അവ കേവലം മാജിക്കാണെന്ന ആരോപണം. അതേ സമയം നബി(സ) അടക്കമുള്ള പ്രവാചകന്മാരെ കുറിച്ച് സിഹ്റ് ബാധിച്ചവനാണ് എന്നത്, ശത്രുക്കളുടെ ആരോപണമായിരുന്നു.

43. إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ഏതിലാണ് വമ്പിച്ച ദൃഷ്ടാന്തം ഉണ്ട് എന്ന് പറയുന്നത്?

[A] **ഇണകളായി മുളപ്പിച്ചതിൽ** (ശുഅറാഅ് 7,8)

[B] **ഫിർഔനിന്റെ സംഘത്തെ നശിപ്പിച്ചതിൽ** (ശുഅറാഅ് 25,26)

[C] **നൂഹ് നബി(അ)യുടെ സമുദായത്തെ നശിപ്പിച്ചതിൽ** (ശുഅറാഅ് 120,121)

[D] **ലൂത്വ് നബി(അ)യുടെ സമുദായത്തിന് മേൽ ഇറക്കപ്പെട്ട ശിക്ഷ**

സൂറത്തുശുഅറാഇൽ ഒരുതവണ ആയത്തിന്റെ ഭാഗമായും 8തവണ പരിപൂർണമായ ആയത്തായും ഇത് ആവർത്തിച്ചു വന്നിട്ടുണ്ട്. ആദ്യത്തെ ഓപ്ഷൻ മിക്ക ആളുകളും ശ്രദ്ധിക്കാതെ പോയത്, ചരിത്ര സംഭവങ്ങളെ കുറിച്ച് അല്ലാത്തത് കൊണ്ടായിരിക്കാം.

---

44 മുതൽ 47 വരെയുള്ള ചോദ്യങ്ങൾ ആയത്ത് ക്രമത്തിലാക്കാനുള്ളതാണ്. നൽകിയിട്ടുള്ള നാല് ആയത്തുകൾ ആദ്യത്തെ ആയത്ത് ആദ്യ ചോദ്യത്തിന് എന്ന ക്രമത്തിൽ എഴുതുക

(ശരിയുത്തരത്തിന് ½ മാർക്ക് വീതം - നെഗറ്റീവ് മാർക്ക് ഇല്ല)

---

[A] وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَىٰ    [B] وَآثَرَ الْحَيَاةَ الدُّنْيَا

[C] فَأَمَّا مَن طَغَىٰ    [D] فَإِنَّ الْجَحِيمَ هِيَ الْمَأْوَىٰ

44. فَأَمَّا مَن طَغَىٰ [C]

45. وَآثَرَ الْحَيَاةَ الدُّنْيَا [B]

46. فَإِنَّ الْجَحِيمَ هِيَ الْمَأْوَىٰ [D]

47. وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَىٰ [A]

---

46 മുതൽ 51 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങൾ എല്ലാം അടയാളപ്പെടുത്തുക. നൽകിയിരിക്കുന്ന നാല് ഉത്തരങ്ങളും തെറ്റാണെങ്കിൽ അവക്ക് ഒന്നും അടയാളപ്പെടുത്തരുത്. മറ്റു ചോദ്യങ്ങൾക്ക് ഉത്തരം രേഖപ്പെടുത്തിയാൽ മാത്രമേ ഇവക്ക് മാർക്ക് ലഭിക്കുകയുള്ളൂ.

(ശരിയുത്തരത്തിന് 1 ½ മാർക്ക് ലഭിക്കും. തെറ്റായ ഉത്തരങ്ങൾ രേഖപ്പെടുത്തിയാൽ 2 മാർക്ക് കുറയും)

---

48. സൂറത്തുഅബസ(عَبَسَ)യിൽ അല്ലാഹു പേരെടു ത്തു പരാർശിച്ച സസ്യവർഗങ്ങൾ ഏവ?

[A] **ഒലീവ്** [B] **മുന്തിരി** [C] അത്തിപ്പഴം [D] ഉള്ളി

49. تَرْهَقُهَا قَتَرَةٌ അവയെ കൂരിരുട്ട് മൂടിയിരിക്കും എന്തിനെയാണ് കൂരിരുട്ടു മൂടിയത്?

[A] നക്ഷത്രങ്ങൾ [B] സൂര്യൻ [C] ചന്ദ്രൻ [D] പർവതങ്ങൾ

ഇവയൊന്നും ഉത്തരമല്ല, ഇത് പരലോകത്ത് കുറ്റവാളികളുടെ മുഖത്തെകുറിച്ചുള്ള പരാമർശമാണ്

50. അല്ലാഹുവിന്റെ റസൂൽ ബാങ്ക് വിളിക്കാൻ ഏൽപിച്ച വ്യക്തി(കൾ)

[A] ഉസാമത്തുബ്നു സൈദ്(റ) [B] **അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം(റ)**

[C] **ബിലാൽ(റ)** [D] സ്വഫ്‌വാൻ(റ)

51. قَالُوا لَئِن لَّمْ تَنتَهِ ............. لَتَكُونَنَّ مِنَ الْمَرْجُومِينَ

[A] يَا إِبْرَاهِيمُ [B] **يَا نُوحُ** [C] يَا لُوطُ [D] ഇവയൊന്നുമല്ല

52. എല്ലാ അതിര് വിട്ട മഹാപാപിയുമല്ലാതെ അതിനെ വ്യാജമാക്കുകയില്ലതാനും. ഏതിനെയാണ് വ്യാജമാക്കുന്നത്?

[A] നരകം [B] **പ്രതിഫലനാൾ** [C] വിശുദ്ധഖുർആൻ [D] سِجِّين

53. ഖിയാമത്ത് നാളിനെ കണ്ണുകൊണ്ട് കാണുന്നത്പോലെ നോക്കി കാണാൻ ഇഷ്ടപെടുന്നവർ പാരായണം ചെയ്യണമെന്ന് നബി(സ) സൂചിപ്പിച്ച അധ്യായം (അധ്യായങ്ങൾ)

[A] **അൽ ഇൻഷിഖാഖ്** [B] അത്വാരിഖ് [C] അൽ ഇഖ്‌ലാസ് [D] **അൽ ഇൻഫിത്വാർ**

---

54 മുതൽ 56 വരെയുള്ള ചോദ്യങ്ങൾ ......... وَفَعَلْتَ فَعْلَتَكَ الَّتِي فَعَلْتَ *(“ നീ ചെയ്തിട്ടുള്ള ആ പ്രവൃത്തിയും നീ ചെയ്തു” )* എന്ന ആയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോന്നും ശരിയായാൽ മാത്രമേ തൊട്ടടുത്ത ചോദ്യത്തിന് മാർക്ക് ലഭിക്കുകയുള്ളൂ. (ശരിയുത്തരത്തിന് 1 മാർക്ക് തെറ്റിന് നെഗറ്റീവ് 1 മാർക്ക് )

---

54. ഈ ആയത്തിലെ ദുഷ്പ്രവൃത്തി എന്താണ്

[A] **കൊലപാതകം** [B] സ്വയം ദൈവമാണെന്ന വാദം

[C] ശിർക്ക് ചെയ്തു [D] Aയും Bയും

55. ഇതാരുടെ വാക്കാണ് ?

[A] അല്ലാഹു [B] ഇബ്‌ലീസ് [C] മൂസ (അ) [D] **ഫിർഔൻ**

56. ആയതിനാൽ നീ .......... പെട്ടവൻ തന്നെ

[A] **നിഷേധികളിൽ** [B] വഞ്ചകരിൽ [C] അക്രമികളിൽ [D] നഷ്ടക്കാരിൽ

സൂറത്തു ശഅറാഇലെ 19ാം വചനത്തെ അടിസ്ഥാനപ്പെടുത്തിയ ചോദ്യമാണ് ഇവ മൂന്നും മൂസ (അ) ഖിബ്ത്വി വംശജനായ ആളെ കൊന്നു എന്ന ആരോപണമാണ് ഫിർഔൻ ഉന്നയിക്കുന്നത്.

57 മുതൽ 60 വരെയുള്ള ചോദ്യങ്ങൾ താഴെ നൽകിയിരിക്കുന്ന പാരഗ്രാഫിനെ അടിസ്ഥാനപ്പെടുത്തിയാണ്. (ഓരോ ചോദ്യത്തിനും രണ്ട് മാർക്ക് വീതമായിരിക്കും)

## പ്രബോധനം വെല്ലുവിളികളും സമീപനങ്ങളും

*തിന്മകളും അധാർമിക പ്രവർത്തനങ്ങളും ആധുനികവൽകരിക്കപ്പെടുന്നു. കുറ്റകൃത്യങ്ങളെ മഹത്വവത്കരിക്കുന്ന തരത്തിലുള്ള വാർത്താചാനലുകൾ, ആഭാസങ്ങളെ തീന്മേശകളിലേക്ക് എത്തിക്കുന്ന ദൃശ്യ-ഗാനാവിഷ്കാരങ്ങൾ, കൊലപാതകങ്ങളും അക്രമ വാസനകളും കുരുന്നു മനസ്സുകളിൽ കുടിയിരുത്തുന്ന ഗെയ്മുകൾ, കാർട്ടൂണുകൾ. പുറമെ അന്ധവിശ്വാസങ്ങളെയും ആകർഷകവും ആധുനികവുമായി അവതരിക്കപ്പെടുന്നു. ഇവ പ്രബോധക മനസ്സുകളെ അസ്വസ്ഥമാക്കേണ്ടതുണ്ട്. അവക്ക് തത്തുല്യമായ പ്രതികരണവും പ്രബോധകരുടെ യുക്തമായ ഇടപെടലും പ്രബോധകരിൽ നിന്നുണ്ടാവണം. ഇസ്‌ലാമികമായ അതിരുകൾ ഭേദിക്കാത്തതും ആധുനികവുമായ മാർഗങ്ങൾ സാധ്യവുമാണ്. കവിതകളിലൂടെ ഇസ്‌ലാമിനെ ശത്രുക്കൾ എതിർത്തപ്പോൾ കവിതയിലൂടെ തന്നെ അതിനെ നേരിടാൻ സ്വഹാബികളോട് നബി(സ) ആവശ്യപ്പെടുകയുണ്ടായി. വിശ്വാസി അവന്റെ വാളു കൊണ്ടും ......... കൊണ്ടും സമരം ചെയ്യുന്നവനാണ്. സൂറത്തു ശുഅറാഇൽ കവികളെ ആക്ഷേപിച്ചു കൊണ്ട് ആയത്ത് വന്നപ്പോൾ, <u>സ്വഹാബികളിൽ പെട്ട കവികൾ</u> നബി(സ)യെ സമീപിക്കുകയുണ്ടായി. എന്നാൽ ആക്ഷേപം വിശ്വാസികൾക്ക് ബാധകമല്ലെന്ന വിശുദ്ധ ഖുർആൻ വചനം ഓതി "നിങ്ങൾ രക്ഷാനടപടികൾ സ്വികരിച്ചു കൊള്ളുവീൻ" എന്ന് പറഞ്ഞത് ശ്രദ്ധേയമാണ്. പ്രതിരോധത്തിന്റെയും പ്രബോധനത്തിന്റെയും മാർഗമായി സർഗശേഷികളെ ഉപയോഗപ്പെടുത്താൻ നിർദേശിക്കുമ്പോഴും, അവക്ക് ഇസ്‌ലാമികമായ അതിർവരമ്പുകൾ അനിവാര്യമാണ്. "പളുങ്കു പാത്രങ്ങൾ പൊട്ടിക്കരുത്" എന്ന ഉപദേശം പ്രസിദ്ധമാണല്ലോ.*

57. ഈ ഖണ്ഡികയിൽ വിട്ടു പോയ ഭാഗം പൂരിപ്പിക്കുക

[A] പരിച [B] പേന [C] എഴുത്ത് **[D] നാവ്**

58. അടിവരയിട്ട ഭാഗത്ത് പരാമർശിക്കപ്പെട്ട സ്വഹാബി(കൾ) ആരാണ്?

[A] അൻശജ(റ) **[B] <u>ഹസ്സാൻ(റ)</u>** [C] സ്വഫ്വാൻ(റ) [D] മർവാൻ(റ)

59. നബി(സ)അവരെ ഓതിക്കേൾപ്പിച്ച ആയത്ത് ഏതാണ്?

[A] ശുഅറാഅ് 224 **[B] ശുഅറാഅ് 227** [C] ബഖറ 224 [D] ബഖറ 227

60. പളുങ്കു പാത്രങ്ങൾ പൊട്ടിക്കരുത് എന്ന് നബി(സ) ഉപദേശിച്ചത് ആകരയാണ്?

**[A] അൻശജ(റ)** [B] ഹസ്സൻ(റ) [C] സ്വഫ്വാൻ(റ) [D] മർവാൻ റ

ശുഅറാഇലെ 227ാം ആയത്തിന്റെ വിശദീകരണത്തിൽ ഇവയെല്ലാം വന്നിട്ടുണ്ട്.

61 മുതൽ 63 വരെയുള്ള ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ളവയാണ്. അതിനായി നൽകിയ ഭാഗത്ത് മാത്രമേ ഉത്തരം രേഖപ്പെടുത്താവൂ. (രണ്ട് മാർക്ക് വീതം)

61. സൂറത്തു അബസയിൽ وَهُوَ يَخْشَىٰ എന്ന് പറയുന്നത് ആരെക്കുറിച്ചാണ്?

**അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം**

ചില ആളുകളെങ്കിലും ഉമ്മി മക്തൂം എന്ന് എഴുതിയിട്ടുണ്ട് അത് തെറ്റാണ്, അബ്ദുല്ല എന്നത് ശരിയാണ്. കുരുടൻ എന്നെഴുതിയതിനും ചെറിയ മാർക്ക് നൽകിയിട്ടുണ്ട്.

62. അമ്മജുസ്ഇൽ സൂജൂദിന്റെ ആയത്ത് വന്നിട്ടുള്ള ഏതെങ്കിലും ഒരു സൂറത്തിന്റെ പേര്?

**ഇൻശിഖാഖ്, അലഖ്** എന്നിവയിൽ ഏതെങ്കിലും ഒന്നിന് മാർക്ക് ലഭിക്കും

| | | | |
|---|---|---|---|
| അഅ്റാഫ് | ഇസ്റാഅ് | ഫുർഖാൻ | സ്വാദ് 38-24 |
| 7-206 | 17-107 | 25-60 | ഫുസ്വിലത്ത് |
| റഅ്ദ് 13-15 | മറിയം 19-58 | നംല്27-25 | 41-37 |
| നഹ്ല്16-49 | ഹജ്ജ് 22-18 | സജദ 32-15 | നജ്മ് 53-62 |

ഇവയാണ് തിലാവത്തിന്റെ സുജൂദ് വരുന്ന മറ്റു അധ്യായങ്ങൾ ഇവയിൽ ഏതെങ്കിലും എഴുതിയവർക്ക് ചെറിയ മാർക്ക് നൽകിയിട്ടുണ്ട്. ചോദ്യത്തിൽ അമ്മ ജുസ്അ് എന്ന് പറഞ്ഞതിനാൽ ഈ ഉത്തരങ്ങൾ തെറ്റാണ്

63. സൂറത്തുൽ ബുറൂജിൽ പരാമർശിക്കുന്ന സൈന്യം ആരുടേതൊക്കെയാണ്?

**ഫിർഔന്റെയും ഥമൂദിന്റെയും** സൈന്യങ്ങൾ

64 മുതൽ 66 വരെയുള്ള ചോദ്യങ്ങൾ ഒറ്റ വാചകത്തിൽ ഉത്തരമെഴുതുക. (3 മാർക്ക് വീതം)

64. സൂറത്തുൽ ഇൻശിഖാഖിൽ അല്ലാഹു സത്യം ചെയ്തു പറയാനുപയോഗിച്ച കാര്യങ്ങൾ ഏതെല്ലാം?

شَفَق അസ്തമയ ശോഭ

لَيْل രാത്രി

وَسَق അതിനോടൊപ്പം വരുന്നത്

قَمَر ചന്ദ്രൻ      تَسَق അതിന്റെ പൂർണത പ്രാപിക്കുമ്പോൾ

ഈ നാലു കാര്യങ്ങൾക്ക് 3 മാർക്ക് ലഭിക്കും. എന്നാൽ അസ്തമയം എന്നത് ശരിയായ ഉത്തരമല്ല, ആകാശം, ഭൂമി എന്നിവയും പലരും എഴുതിയത് ആ സൂറത്തിൽ വന്നു എന്നത് കൊണ്ടായിരിക്കാം. അവയെ സത്യം ചെയ്ത് പറയാനല്ല, ഖിയാമത്ത് നാളിൽ ആകാശ ഭൂമികളുടെ അവസ്ഥയെ കുറിച്ചാണ് ഈ സൂറത്തിൽ പ്രതിപാദിക്കുന്നത്.

65. സൂറത്തു വാഖിഅയിലെ 96ാം ആയത്തിന്റെ അടിസ്ഥാനത്തിൽ നമസ്കാരത്തിൽ നിർവഹിക്കാനാവശ്യപ്പെട്ട പ്രാർഥന

റുകൂഇൽ سُبْحَانَ رَبِّىَ العَظِيم എന്ന് പ്രാർഥിക്കാനാവശ്യപ്പെട്ടത് ഈ ആയത്തിന്റെ അടിസ്ഥാനത്തിലാണ് റുകൂഇലെ പ്രാർഥന എന്നെഴുതിയവ പരിഗണിച്ചിട്ടുണ്ടെങ്കിലും പൂർണമായ മാർക്ക് ലഭിക്കുകയില്ല. എന്നാൽ സുജൂദിലെ سُبْحَانَ رَبِّىَ الأَعَلَى എന്ന പ്രാർഥന പലരും എഴുതിയിട്ടുണ്ട് .ഇത് അഅ്ലയിലെ ആയത്ത് ഇറങ്ങിയപ്പോൾ പ്രാർഥിക്കാൻ നിർദേശിച്ചതാണ്. രണ്ടും കൂടി എഴുതിയാൽ അതിനെയും പൂർണമായി ശരിയെന്ന് പരിഗണിക്കാനാവില്ല.

66. അത് ഒരു പ്രദർശനം മാത്രമാകുന്നു. എന്ന് നബി(സ)ആഇശാ(റ)യോട് പറഞ്ഞത് ഏത് ആയത്തിനെ കുറിച്ചുള്ള വിശദീകരണമായിട്ടാണ്?

84ാം അധ്യായം സൂറത്തുൽ ഇശിഖാഖിലെ 8ാം ആയത്ത് فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا നെ കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്. സത്യവിശ്വാസികളുടെ വിചാരണയെകുറിച്ച് എന്നത് ആശയപരമായി ശരിയാണ്. എന്നാൽ ആയത്ത് ചോദിച്ചതിനാൽ മാർക്ക് പൂർണമായി ലഭിക്കുകയില്ല. ആയത്ത് നമ്പർ, ആശയം എന്നിവയൊക്കെ പരിഗണിച്ചിട്ടുണ്ട്

67,68 ചോദ്യങ്ങൾ അരപ്പേജിൽ കവിയാതെ വശദീകരിക്കുക. (പരമാവധി 5 മാർക്ക് വീതം)

67. സൂറത്തുന്നബഇൽ അല്ലാഹു എടുത്ത് പറഞ്ഞിരിക്കുന്ന പ്രകൃതി പ്രതിഭാസങ്ങൾ എടുത്തെഴുതുക

ഭൂമിയെ ഒരു വിരിപ്പെന്ന വിധം സംവിധാനിച്ചു 78:6 - أَلَمْ نَجْعَلِ الْأَرْضَ مِهَادًا

ഭൂമിക്ക് സംരക്ഷണമെന്ന നിലയിൽ പർവതങ്ങളെ ആണികളാക്കി 78:7 - وَالْجِبَالَ أَوْتَادًا

ഇണകളാക്കി സൃഷ്ടിച്ചു 78:8 - وَخَلَقْنَاكُمْ أَزْوَاجًا

ഉറക്കത്തെ വിശ്രമമാക്കി തന്നു 78:9 - وَجَعَلْنَا نَوْمَكُمْ سُبَاتًا

രാത്രിയെ സ്വകാര്യതയും സ്വസ്ഥതയും നൽകാവുന്ന വിധം പര്യാപ്തമാക്കി
78:10 - وَجَعَلْنَا اللَّيْلَ لِبَاسًا

ഭൂമിക്ക് ഉപരിലോകത്ത് നിന്നുള്ള സംരക്ഷണമെന്നോണം ആകാശത്തെ വിതാനിച്ചു
78:12 - وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا

ഉപജീവനത്തിനു സഹായിക്കുന്ന വിധം പകലിനെ സൗകര്യപ്പെടുത്തി 78:11 - وَجَعَلْنَا النَّهَارَ مَعَاشًا

സൂര്യനെ വെളിച്ചവും ഊർജവുമാക്കി തന്നു 78:13 - وَجَعَلْنَا سِرَاجًا وَهَّاجًا

മഴമേഘങ്ങളിൽ നിന്ന് മഴ വർഷിപ്പിച്ചു 78:14 - وَأَنزَلْنَا مِنَ الْمُعْصِرَاتِ مَاءً ثَجَّاجًا

മഴ മൂലം തോട്ടങ്ങളും സസ്യങ്ങളും സൃഷ്ടിച്ചു 78:16 - وَجَنَّاتٍ أَلْفَافًا      78:15 - لِّنُخْرِجَ بِهِ حَبًّا وَنَبَاتًا

ആയത്തുകൾ എഴുതി എന്നത് കൊണ്ട് മുഴുവൻ മാർക്കിന് അർഹമാവുകയില്ല. ആശയം വ്യക്തമാക്കിയവക്ക് പ്രത്യേകം പരിഗണന നൽകിയിട്ടുണ്ട്.

68. സൂറത്തു ശുഅറാഅ് അടിസ്ഥാനപ്പെടുത്തി ഒരു പ്രബോധകന് വേണ്ട ഉപദേശങ്ങളും മാർഗനിർദേശങ്ങളും നൽകുക

പ്രവാചകൻ മുഹമ്മദ് നബി(സ)ക്ക് ആശ്വാസമായി കൊണ്ടാണ് സൂറത്ത് ശുഅറാഇന്റെ പ്രതിപാദ്യങ്ങൾ. ഒരു പ്രബോധകന് ഇവ പാഠമാണ്. മൊത്തത്തിൽ പ്രബോധിത സമൂഹത്തിന്റെ നിലപാടും, അവയോട് എടുക്കേണ്ട സമീപനങ്ങളും ഇതിലെ പാഠമാണ്. അതേ സമയത്ത് പ്രവാചകൻ(സ)യോട് നേർക്ക് നേരെ നൽകിയ ഉപദേശങ്ങളാണ താഴെ നൽകിയത്.

അടുത്ത ബന്ധുക്കൾക്ക് ഉപദേശവും താക്കീതും നൽകുക

26:214 - وَأَنذِرْ عَشِيرَتَكَ الْأَقْرَبِينَ

പ്രബോധിത സമൂഹവുമായി സൗമ്യമായി പെരുമറണം

26:215 - وَاخْفِضْ جَنَاحَكَ لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ

അനുസരണക്കേട് കാണിക്കുന്നവരോട് സൗമ്യമായി പെരുമാറുകയും അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക

26:216 - فَإِنْ عَصَوْكَ فَقُلْ إِنِّي بَرِيءٌ مِّمَّا تَعْمَلُونَ

ഇവക്ക് കൂടുതൽ പോയിന്റ് നൽകിയിരിക്കും. അതോടൊപ്പം

പ്രബോധകർക്കെല്ലാം വിവിധ പരീക്ഷണങ്ങൾ അതിജീവിക്കേണ്ടി വന്നിട്ടുണ്ട്

പ്രബോധിതർ നിഷേധിക്കുകയോ, പരിഹസിക്കുകയോ, എതിർക്കുകയോ ചെയ്തിട്ടുണ്ട്

മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉദാഹരണമായി പ്രവാചകന്മാരുടെ ചരിത്രം ഉൾപ്പെടുത്താവുന്നതാണ്.

പരീക്ഷണങ്ങളിൽ അടി പതറരുത് അല്ലാഹു കൂടെയുണ്ട്

26:15 - قَالَ كَلَّا ۖ فَاذْهَبَا بِآيَاتِنَا ۖ إِنَّا مَعَكُم مُّسْتَمِعُونَ

പ്രവാചകന്മാരെല്ലാം അതത് സമൂഹത്തിലെ പ്രശ്നങ്ങളിൽ ഇടപെടുകയും, അത് പ്രബോധന വിഷയമാക്കുകയും ചെയ്തിട്ടുണ്ട്. ആധുനികമായ പ്രബോധന മാർഗങ്ങളെ ഉപയോഗപ്പെടുത്തേണ്ടതിന്റെ സൂചനകൾ ഇതിന്റെ വിശദീകരണ ഭാഗത്ത് കാണാമെന്നതിനാൽ അവയും പരിഗണിച്ചിട്ടുണ്ട്. ഈ അധ്യയവുമായി ബന്ധപ്പെട്ട് മനസ്സിലാക്കിയ മറ്റു പോയിന്റുകൾ പരിഗണിച്ചിട്ടുണ്ട്. സൂറത്തിന് പുറമെയുള്ള പല വിഷയങ്ങളും ശരിയാണെങ്കിലും അവയെല്ലാം മാർക്ക് നൽകുക സാധ്യമല്ലാത്തതിനാ പരിഗണിച്ചിട്ടില്ല.

NB: വിശദീകരിക്കാനുള്ള ചോദ്യങ്ങൾ അടക്കം എല്ലാ ചോദ്യങ്ങൾക്കും മൂല്യനിർണയവും മാർക്കും നൽകുന്നതിന് കമ്പ്യൂട്ടർ മൂല്യ നിർണയ സംവിധാനമാണ്. വിശദീകരിക്കാനുള്ള ചോദ്യങ്ങളുടെ മാർക്ക് ഏറ്റവും മികച്ച ഉത്തരവുമായി താരതമ്യം ചെയ്താണ് നൽകുക.